
little thoughts . Com

# ലിറ്റിൽ തോട്സ്.കോം



## ലിറ്റിൽ കൈറ്റ്സ് 2018-2019

# ലിറ്റിൽ തോട്സ്.കോം



**ലിറ്റിൽ കൈറ്റ്സ് യൂനിറ്റ് 2018-19**

**എ കെ ജി മെമ്മോറിയൽ ഗവ എച്ച് എസ് എസ്**

**പിണറായി**

# എഡിറ്റോറിയൽബോർഡ്

ചീഫ് എഡിറ്റർ : വിനോദ്കുമാർ പി വി (ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ : റെനിൽ കുമാർ എം

സ്റ്റുഡന്റ് എഡിറ്റർ : ഗോപിക

**അംഗങ്ങൾ** :

മുഹമ്മദ് സയാൻ പി വി

നന്ദന എം

ജ്യോതിക

സനന്ദ് വിനോദ്


ഋതുവർണ എസ്

ഫാത്തിമത്ത് നിദ

ഹരിനന്ദ് കെ

റാനിയ റൈനേഷ്


അക്ഷയ് മധുസൂദനൻ


പ്രണാമം.
RANIL
കാടായിത്തീർന്ന ഒറ്റമരത്തിന്...
കേടാവാത്ത നന്മമരത്തിന്...
വിശ്വവിഖ്യാതനായ സുൽത്താന്...



## സന്ദേശം

പിണറായി എ.കെ.ജി മെമ്മോറിയൽ ഗവ:ഹയർസെക്കണ്ടറിസ്ക്കൂൾ 2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം . കുട്ടികളുടെ ചിന്താശേഷിയും സർഗ്ഗാത്മക ഭാവനയും ഉണർത്താനുള്ള ഈപ്രഥമസംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു





# സന്ദേശം

വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ്


യൂനിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു

എന്നറിഞ്ഞതിൽ വളരെ സന്തോഷം

എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ



പിണറായി

19-01-2019

വിനോദ് കുമാർ പി വി

ഹെഡ്മാസ്റ്റർ

## മുഖമൊഴി

മനുഷ്യന് ഏറ്റവും ആനന്ദം നൽകുന്ന ഒരു വിനോദമാണ് വായന . ഏറിയും കുറഞ്ഞും വായന ഒരു ശീലമാക്കിയിട്ടുള്ളവരാണ് നമ്മൾ മലയാളികൾ . ദൃശ്യമാധ്യമങ്ങളുടെ വരവോടെ വായന കുറയുമെന്ന് പലരും കരുതിയെങ്കിലും പുതിയ സാങ്കേതികവിദ്യകൾ വായനയെ പരിപോഷിപ്പിക്കുകയാണുണ്ടായതപുസ്തകവായനയോടൊപ്പം ഇ-വായനയും ഇന്ന് സജീവമാണ് . പുതിയ വായനക്കാരെ രൂപപ്പെടുത്തുന്നതിലും പുതിയ എഴുത്തുകാരെ സൃഷ്ടിക്കുന്നതിലും നവമാധ്യമങ്ങൾ ഏറെ സഹായിക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ വിവരവിനിമയ സാങ്കേതികവിദ്യാപഠനത്തിലൂടെ ഇത്തരമൊരു പരിചയപ്പെടുത്തൽ കൂടി നടക്കുകയാണ് . ഇതിന്റെ ആദ്യപടിയെന്ന നിലയ്ക്കുള്ള ഒരു എളിയശ്രമമാണ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളായ ഞങ്ങൾ നടത്തുന്നത്. ഇതൊരു തുടക്കം മാത്രമാണ്. ഇതിനൊരു തുടർച്ചയുണ്ടാകും. വായനയുടെ ,ആസ്വാദനത്തിന്റെ പുത്തൻ വാതായനങ്ങളിലേക്ക് ലിറ്റിൽ തോട്സ്. കോം സഹർഷം സമർപ്പിക്കുന്നു.

എഡിറ്റർ

## താളുകളിൽ

നീ അറിയുന്നുണ്ടോ....10
പ്രകൃതി സൗന്ദര്യം....10
ചാണക്യൻ....11
മാന്ത്രിക കണ്ണാടി....12
അനിയത്തി....18
ആനന്ദത്തിന്റെ ഉൾത്തുടിപ്പിൽ....21
വിരാമമില്ലാത്ത കാത്തിരിപ്പ്....24
ശ്രീനിവാസ രാമാനുജൻ....26
പ്രശ്നോത്തരി....27
ലിറ്റിൽ കൈറ്റ്സ്....28
ഭൗതിക ശാസ്ത്രം....30
ആൽകെമിസ്റ്റിലെ....31
ജീവിത സത്യങ്ങൾ....31
യൂക്ലിഡ്....33
മായുന്ന കാഴ്ചകൾ തേടി....34
സ്നേഹമനസ്സുകൾ....35
പ്രകൃതിയും മനുഷ്യനും....37
നാലുകെട്ട്....39
സത്യം എവിടെയും വിജയിക്കും....41
മരണ വിളി....43
സ്വന്തം കഴിവുകൾ....45
പരിപോഷിപ്പിക്കൂ....45
ഭാവിതലമുറകളേ....45

കവിത

# നീ അറിയുന്നുണ്ടോ

നീ അറിയുന്നുവോ കടലേ
നീ അറിയുന്നുവോ പുഴയേ
നിന്റെ ശിരസ്സാകെ നൊന്തുള്ള വേദനയാം
മനുഷ്യന്റെ ക്രൂരത സഹിക്കവേലും
നിന്റെ ചുറ്റിലും പ്ലാസ്റ്റിക് കുപ്പികളും
ഇത് കടലമ്മയാണെന്നറിഞ്ഞു വേലും
മാനുഷ്യൻ കൊല്ലിയീ പാവം കടലമ്മയെ
മനുഷ്യത്വമില്ലാത്ത പിശാചുക്കൾ
നമ്മുടെ നാടിനെ കൊന്ന് വിലപേശുന്നു
അറിയുന്നുണ്ടോ ?പുതിയൊരു തലമുറ
ഉദയം കൊള്ളുവതറിയുന്നുണ്ടോ ?
അവർ ഭൂമിയെ ലോകത്തെ പിഴുതെറിയും
നീ അറിയുന്നുണ്ടോ ഈ ക്രൂരത
**അറിയുന്നുണ്ടോ ഈ വേദന.**

♣♣♣

**കവിത**



**സയന കൃഷ്ണൻ**
**9 E**

# പ്രകൃതി സൗന്ദര്യം

പൂർവദിങ് മുഖനിനൻ ഉജ്വല പ്രകാശ-
ത്തോടെ രമണീയമായ മിഴിതുറക്കലോടെ
വരവായ് പ്രഭാതം

വാനിൽ മുത്തുമണികൾ ചിതറിക്കൊ-
ണ്ടുല്ലാസഭരിതയായി രാത്രിയും
ഇത്രയും മാധുര്യമേറിയകാഴ്ചയിൽ മഹിയിൽ
ഒരുപാടുണ്ടെങ്കിലും ആരുമതൊന്നും
ആസ്വദിച്ചീടുന്നില്ലല്ലോ
നീണ്ടുനിവർന്ന പാതപോൽ സാഗരം

സാഗരത്തിൽ മടിത്തട്ടിൽ നിന്നൊഴുകി-
യെത്തുന്ന തിരമാലകൾ തഴുകി തലോടുന്നു
ഓരോ മലരിൻ ചുറ്റും മരന്ദം നുകരുന്ന
തേനീച്ചകൾ സൗരഭത്തിൽ ലഹരിയിൽ
മാധുര്യമേറുന്ന മലരുകൾ എങ്ങും

എന്തുരമണീയം ഹാ പ്രകൃതി ഒരുക്കി.

## ലേഖനം



റിതിക കൃഷ്ണ വി ആർ
9 ബി

# ചാണക്യൻ

ലോകത്തെ ആദ്യത്തെ സാമ്പത്തികശാസ്ത്രഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. ബി.സി നാലാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മൗര്യവംശസ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും, വിശ്വസ്തനായ സുഹൃത്തും,അനുയായിയും ഉപദേഷ്ടാവുമായിരുന്നു ചാണക്യൻ. ചാണക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി സൈനികതന്ത്രം ആവിഷ്കരിച്ചാണ് ചന്ദ്രഗുപ്തമൗര്യൻ തന്റെ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രകാരൻമാർ പറയുന്നത്

**അർത്ഥശാസ്ത്രം**

ഭരണം സുഗമമായി നടത്താൻ ഒരു ഭരണാധികാരിയെ സഹായിക്കുന്ന നിർദ്ദേശങ്ങളാണ് അർത്ഥശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നത്.രാജാവ് രാജ്യകാര്യങ്ങൾ എങ്ങനെ നോക്കിനടത്തണം എന്ന് അതിൽ വിശദീകരിക്കുന്നു.അദ്ദേഹം സദാസമയവും ജാഗ്രത പാലിക്കണം.പ്രജകളുടെ സന്തോഷമാണ് ഒരു രാജാവിന്റെ സന്തോഷം.പ്രജകളുടെ ക്ഷേമമാണ് രാജാവിന്റെ ക്ഷേമം.എല്ലാ വിജയങ്ങളുടേയും അടിസ്ഥാനവ്യവസ്ഥ നിയമം,നിഷ്ഠ,കർശനനിയന്ത്രണം എന്നിവയാണെന്ന് അർത്ഥശാസ്ത്രത്തിൽ അദ്ദേഹം ഊന്നിപ്പറയുന്നു.നീതിയാണ് സമൂഹത്തിന്റെ അടിസ്ഥാനശില.രാഷ്ട്രത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളേയും പല ഭരണവകുപ്പുകളായി അദ്ദേഹം തരംതിരിച്ചു. ചന്ദ്രഗുപ്തന്റെ മൗര്യസാമ്രാജ്യസ്ഥാപനത്തിന് ശേഷം അനുയോജ്യനായ ഒരു മന്ത്രിയെ തനിക്ക് പകരക്കാരനായി നിയമിച്ച് ചാണക്യൻ തന്റെ ചെറിയവീട്ടിലേക്ക് മടങ്ങിപ്പോയി ബ്രാഹ്മണനായിത്തന്നെ പാരമ്പര്യജീവിതം നയിച്ചു എന്നാണ് വിശ്വസിക്കുന്നത്.

♣♣♣

.



**കഥ** **അശ്വിനി കെ 9 എ**

# മാന്ത്രിക കണ്ണാടി

**പതിന്നൊന്നുകാരനായ അപ്പൂസ് മിടു മിടുക്കനായ കുട്ടിയായിരുന്നു.അപ്പൂസിന്റെ അമ്മ രാധയും അച്ഛൻ രാജനും കൂലിപ്പണി ചെയ്തുകൊണ്ടാണ് അവരുടെ കുടുംബം മുന്നോട്ട് പോവുന്നത് .ചീങ്കണ്ണികളില്ലാത്ത ചീങ്കണ്ണിപുഴയുടെ തീരത്താണ് ഇവരുടെ വീട്.അപ്പൂസിനേറെ കൂട്ടുകാരുണ്ട്.അപ്പൂസ് അവന്റെ ഉറ്റ സുഹൃത്തിനോട് ഒരാഗ്രഹം പറഞ്ഞു:"എടാ മനു,ചീങ്കണ്ണിപ്പുഴയുടെ അക്കരെ നോക്കാൻ എന്തുഭംഗിയാടാ !എനിക്കും അക്കരെ കടക്കണം.നീയും വരുമോ എന്റെ കൂടെ".മനു പേടിയോടെ അപ്പൂസിനോട് പറഞ്ഞു:"അപ്പൂസേ ,എന്റെ മുത്തശ്ശി പറഞ്ഞിട്ടുണ്ട് അക്കരെ ഇതുവരെ ആരും പോയിട്ടില്ലെന്ന് .ആദ്യം ഒരു രാഘവേട്ടൻ**

**വകയിൽ മാമനായിട്ടു വരും . അദ്ദേഹം ഒരിക്കൽ അതുവഴി അക്കരെ കടന്നിരുന്നു വെറുതെ കാടൊന്നു ചുറ്റിക്കാണാൻ പോയതായിരുന്നു .പിന്നെയിങ്ങോട്ട് വന്നിട്ടേയില്ല മുത്തശ്ശി എന്നോട് പറഞ്ഞു :അക്കരെ ഒരു യക്ഷിക്കാവുണ്ട് അവിടെ ഒരു രക്തരക്ഷസ് ഉണ്ട്.ചുവന്ന കണ്ണുകൾ ,നീണ്ട് കൂർത്ത പല്ലുകൾ .അയ്യോ ,ഓർക്കുമ്പോൾ തന്നെ പേടിയാവുന്നു . യക്ഷി രാഘവേട്ടനെ കൊണ്ടുപോയി എന്നാ മുത്തശ്ശി പറഞ്ഞത്.അതിനുശേഷം,അങ്ങോട്ട് ആരും പോയിട്ടില്ല അപ്പൂസേ;പക്ഷെ നീ പറഞ്ഞത് ഒരുകണക്കിന് ശരിയാ,ഇവിടെനിന്ന്**

നോക്കുമ്പോൾ ആ കാട് കാണാൻ എന്തുരസാ.

അപ്പൂസിന്റെ മനസ്സിൽ മുഴുവൻ ചീങ്കണ്ണപ്പുഴയുടെ തീരവും അക്കരെയുള്ള കാടും നിറഞ്ഞൊഴുകിയിരുന്നു .അപ്പൂസ് സ്കൂളിൽപോവാനൊരുങ്ങി .പക്ഷെ,അവന് സ്കൂളിലേക്ക് പോവാൻ തോന്നിയില്ല .അപ്പൂസെന്ത് ചെയ്യു എന്നോ?അവൻ ചീങ്കണ്ണിപുഴ കടക്കാൻ തീരുമാനിച്ചു .ഒരു കൊച്ചു വള്ളം അവനെ കാത്തിരിക്കുന്നുണ്ടായിരുന്നു .അവൻ വള്ളത്തിൽ കയറി ,തുഴഞ്ഞു നീങ്ങി .അക്കരെയെത്തിയപ്പോഴേക്കും സമയം ഉച്ചയാവാനായിരുന്നു .അപ്പൂസിന് നല്ല വിശപ്പുണ്ടായിരുന്നു .വിശപ്പടക്കിപ്പിടിച്ചു കൊണ്ട് അപ്പൂസ് മുന്നോട്ട് വച്ച കാല് മുന്നോട്ട് തന്നെ നീക്കി.അപ്പൂസ് നടന്നു നീങ്ങി.എവിടെയെത്തി എന്നറിയാതെ അവൻ നടന്നു.ദൂരെ നിന്നു കാണുമ്പോൾ ഉള്ള ഭംഗി അടുത്തുവന്നപ്പോൾ അവന് തോന്നിയില്ല.കൊടും-ഭീകരത ഒളിഞ്ഞിരിക്കുന്ന വനം.പക്ഷികളുടെ കളനാദത്തിനൊപ്പം,കാട്ടാനകളുടെ ഗർജ്ജനം.സമയം ഇരുട്ടി. എങ്ങോട്ടെന്നില്ലാതെ അപ്പൂസ് നടന്നു നീങ്ങി.സന്ധ്യവന്നുമായാൻ പോവുകയാണ്.അപ്പൂസ് ഒരു വെളിച്ചം കണ്ടു.അവൻ ആ വെളിച്ചം തേടി നടന്നു.അവസാനം അവൻ ആ വെളിച്ചത്തെ കണ്ടുപിടിച്ചു. അതൊരു ചെറിയ കൊച്ചുവീടായിരുന്നു.അപ്പൂസിന്റെ പോലത്തെ ഒരു കൊച്ചുവീട്.അവിടെ ഒരു മുത്തശ്ശി ആ റാന്തൽ വെളിച്ചത്തിനു സമീപം ആരെയോ കാത്തങ്ങനെ ഇരിക്കുന്നു.അവനെ കണ്ട മുത്തശ്ശി അവനെ അകത്തേക്കു കയറ്റി.അവൻ വന്നെത്തിയത് മുതലുള്ള കാര്യം ഓരോന്നായി മുത്തശ്ശിക്ക് പറഞ്ഞു കൊടുത്തു.മുത്തശ്ശി അവനോട് പറഞ്ഞു:കാട്ടാനകൾ ഇറങ്ങുന്ന സമയമാ മോനിന്ന് ഇവിടെ കൂടാം.മുത്തശ്ശി കാച്ചിയ അല്പം കഞ്ഞി അവനു കൊടുത്തു.അവൻ തന്റെ വിശപ്പു മാറ്റിയതിനു ശേഷം, മുത്തശ്ശിയോട് ചോദിച്ചു:മുത്തശ്ശി എന്തിനാ ഇങ്ങനെ റാന്തൽ വിളക്കും കത്തിച്ചുകൊണ്ട്

ഇവിടിങ്ങനെ ആരെയ കാത്തിരിക്കുന്നത്. മുത്തശ്ശി അപ്പൂസിനെ തലോടികൊണ്ട് പറഞ്ഞു:മോനെ, കുട്ടികളില്ലാത്ത എനിക്ക് വന്ന ദേവത തങ്കക്കുട്ടിപോലുള്ള കൊച്ചിനെ തന്നു. നിന്റെ പ്രായം മാത്രമേ അവനുള്ളൂ.അവൻ,നിന്നെ പോലെ തന്നെ ആയിരുന്നു. രണ്ടു ദിവസത്തിനു മുമ്പ് ഈ കാട് ചുറ്റി കാണണമെന്ന ആശയുമായി അവനിറങ്ങി.ഇന്നേക്ക് അവൻ പോയിട്ട് നാലാം ദിവസം,അവന് വരുമെന്ന പ്രതീക്ഷയോടെ ഞാൻ അവനെ കാത്തിരിക്കുകയാണ്.ഇത് പ്രതീക്ഷയുടെ വെളിച്ചമാണ്.

നേരം വെളുത്തു മുത്തശ്ശി,അപ്പൂസിനെ വിളിച്ചുണർത്തി മുത്തശ്ശി ചുട്ട നാല് അപ്പം അപ്പൂസ് തിന്നു.മുത്തശ്ശി സന്തോഷത്തോടെ അപ്പൂസിനോട് പറഞ്ഞു.മോനെ നിനക്ക് പുറപ്പെടാനുള്ള സമയമായി, നിനക്ക് തിരിച്ച് വീട്ടിലെത്താനുള്ള മാർഗ്ഗം ഞാൻ പറഞ്ഞുതരാം.ഇനി അങ്ങോട്ടുള്ള വഴികൾ അത്ര എളുപ്പമല്ല.നീ ഏറെ പ്രതിസന്ധികൾ നേരിടേണ്ടിവരും.നിനക്ക് വിശപ്പടക്കാനുള്ള ഭക്ഷണം ഞാൻ നിന്റെ പുസ്തകസഞ്ചിയിൽ വച്ചിട്ടുണ്ട്.നീ നടന്നുനീങ്ങുമ്പോൾ വഴിയിൽ കാണുന്നവർ നിന്നോട് എന്തെങ്കിലും ചോദിച്ചാൽ നീ അതിനുള്ള കൃത്യമായ മറുപടി അവർക്ക് നൽകണം.അവർ നിന്നെ സഹായിക്കാനുള്ള മാർഗ്ഗങ്ങളും പറഞ്ഞുതരും.നീ അങ്ങനെ നടന്നു നീങ്ങുകയാണ്.സന്ധ്യക്ക് മുൻപ് നീയൊരു യക്ഷിക്കാവിൽ എത്തിച്ചേരും,ആ കാവിന്റെ തെക്കെ മൂലയിൽ ഒരു വലിയ പനമരം സ്ഥിതിചെയ്യുന്നുണ്ട്.അതിനുതാഴെ ഒരു പ്രകാശം വെട്ടിത്തിളങ്ങിനിൽക്കുന്നത് നിനക്ക് കാണാൻ കഴിയും. നീ അതെടുക്കുക.അതാണ് മാന്ത്രികകണ്ണാടി, സകല ശക്തികളും ആ കണ്ണാടിയിൽ പതുങ്ങുന്നുണ്ട്.മാന്ത്രികകണ്ണാടി നിനക്ക് വഴികാട്ടിത്തരും.സാഹചര്യങ്ങൾ പലതും നിനക്ക് മുമ്പിൽ തെളിയും,നീ തളരരുത്.തിരിച്ച് വീട്ടിലെത്തിയതിനുശേഷം,മാന്ത്രിക കണ്ണാടി സ്പർശിക്കരുത് സ്പർശിച്ചാൽ അത് നിനക്കാപത്ത് വരുത്തും.മാന്ത്രികകണ്ണാടി

നിനക്ക് കിട്ടിയാൽ,പിന്നെ നീയാണ് മാന്ത്രികകണ്ണാടിയുടെ അധിപൻ.എന്റെ വാക്കുകൾ നീ മറക്കരുത്. നന്നായി വരും.വിജയം നേടുക.പോയിവരൂ...മകനേ...

അങ്ങനെ,മുത്തശ്ശിയുടെ വാക്കുകൾ അനുസരിച്ചുകൊണ്ട് അപ്പൂസ് പുസ്തകസഞ്ചിയുമായി നടന്നുനീങ്ങി.അവനങ്ങനെ,മുന്നോട്ട് നീങ്ങി.ദൂരെ നിന്നൊരാൾ വരുന്നത് അപ്പൂസ് കണ്ടു.വിചിത്രമായ രൂപം.പക്ഷെ,അയാൾ അവനെ ഒന്ന് നോക്കുക പോലും ചെയ്തില്ല.ഒരു ഭാഗത്തേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ നടന്നു.അപ്പൂസ് ആ ഭാഗത്തേക്ക് തന്നെ നടന്നു.അവന് വിശപ്പുള്ളതുകൊണ്ട് മുത്തശ്ശി വച്ചുകൊടുത്ത അപ്പം കഴിച്ച് കൊണ്ടാണ് നടക്കുന്നത്.കുറേ ദൂരം സഞ്ചരിച്ചതിനു ശേഷം,അപ്പൂസ് വേറൊരാളെ കണ്ടുമുട്ടി.അയാളുടെ കയ്യിൽ ഒരു പൊടി കുട്ടിയുണ്ടായിരുന്നു.അയാൾ അവനോട് ചോദിച്ചു :വിശക്കുന്നു വല്ലതും തരുമോന്ന് .അവൻ കയ്യിലുള്ള അപ്പം കൊടുത്തതിനു അയാളോട് യക്ഷിക്കാവിലേക്കുള്ള വഴി ചോദിച്ചു .അയാൾ അവന് കാട്ടികൊടുത്തതിനു ശേഷം പറഞ്ഞു ,മോനെ സൂക്ഷിക്കണം,എന്ന് മാത്രം പറഞ്ഞുകൊണ്ട് അയാൾ കടന്നുപോയി. അപ്പൂസങ്ങനെ നടന്നു. ആന ,സിംഹ ഗർജ്ജനം പോലെ ചിന്നംവിളിക്കുന്നു .നല്ല കാറ്റ് ,അവന് വിശ്രമിക്കാൻ സമയമില്ല .സന്ധ്യക്ക് മുമ്പ് യക്ഷിക്കാവിലെത്തിചേരണം .കുറേ കഴിഞ്ഞപ്പോൾ ,അവന്റെ പിന്നിലാരോ ,നടക്കുന്ന ശബ്ദം അവൻ കേട്ടു .അവനത് ശ്രദ്ധിക്കാതെ ,ഭയഭക്തി-

യോടെ നീങ്ങി .വീണ്ടും അതേ ശബ്ദം അവന്റെ കാതുകളിൽ വന്നുവീണു .അവന്റെ മുന്നിൽ അവന്റെ നിഴൽ കൂടാതെ മറ്റൊരു നിഴൽ ,അപ്പൂസ് തിരിഞ്ഞു നോക്കി .പതിയെ അവൻ പുറകിലോട്ട്നോക്കി ആരുമില്ലായിരുന്നു .പക്ഷേ ചിലപ്പോൾ അത് അവന്റെ തോന്നലായിരിക്കാം.അവൻ വീണ്ടും നടന്നു നീങ്ങി.അതേ ശബ്ദം കാതുകളിൽ

പതിയുന്നു.ഭീകരതയുടെ വനം,അവിടെ അപ്പൂസും കുറേ വനജീവികളും. അപ്പൂസ് ശബ്ദം കേട്ടഭാവം നടിക്കാതെ നീങ്ങി.ആദ്യം കണ്ട രണ്ടുനിഴലുകൾ,അവന്റേത് പോലുള്ള പത്ത് നിഴലുകൾ ചവിട്ടികൊണ്ടാണ് അവൻ നടക്കുന്നത്.സംശയത്തോട് കൂടി അവൻ പിന്നിലോട്ട് നോക്കി.അവന്റെ സംശയം പൂർണ്ണമായും തെറ്റായിരുന്നു.ഒടുവിൽ അവൻ യക്ഷിക്കാവ് കണ്ടെത്തി.സന്തോഷത്തോടെ അവൻ യക്ഷിക്കാവിലേക്ക് നീങ്ങി,ആ ക്ഷണത്തിൽ മണിയടികൾ മുഴങ്ങി.പക്ഷികളുടെ കലപിലനാദം,മൃഗങ്ങളുടെ ഗർജ്ജനം,അപ്പൂസ് ഭയന്നു വിറച്ചു.അവൻ യക്ഷിക്കാവിൽ കടന്നു കയറി.ശക്തികൂടിയ കാറ്റ് അവനെ വഴിതെറ്റിക്കാൻ ശ്രമിച്ചു.അപ്പൂസ് വഴിതെറ്റാതെ നടന്നു.കാവിന്റെ തെക്കൻമൂലയിൽ അപ്പൂസ് വലിയൊരു പനമരം കണ്ടു.അതിനടിയിൽ മുത്തശ്ശി പറഞ്ഞമാതിരി വെട്ടിത്തിളങ്ങുന്ന മാന്ത്രികകണ്ണാടി.അപ്പൂസ് അത് എടുക്കുകയും, മണിനാദം നിലക്കുകയും, കാറ്റടങ്ങുകയും,കാടിളകുകയും ചെയ്തു .അവൻമാന്ത്രികകണ്ണാടിയുടെ അധിപനായി. അവനങ്ങനെ മാന്ത്രികകണ്ണാടിയും എടുത്ത് കൊണ്ട് നടന്നുനീങ്ങി.കണ്ണാടി അവന് വഴികാട്ടിക്കൊടുത്തു.അവൻ വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു വൃദ്ധയെ കണ്ടു.ഒരു പാവം മുത്തശ്ശി എല്ലും തോലുമായി കിടക്കുന്നു. ആദ്യം,അവൻ മുത്തശ്ശിക്ക് ജീവൻ ഉണ്ടോ എന്ന് നോക്കി. ഉണ്ട് മുത്തശ്ശി ഉറങ്ങുകയാണ് .മാന്ത്രികകണ്ണാടിയോടവൻ ചോദിച്ചു:കണ്ണാടീ...കണ്ണാടീ...ഈ മുത്തശ്ശി ഭക്ഷണം കഴിച്ചിട്ട് കുറേ നാളായിക്കാണും,മുത്തശ്ശിയുടെ സഞ്ചി നിറയെ ആഹാരം നിറയ്ക്കണം.കണ്ണാടി അതുപടി അനുസരിച്ചു.അപ്പൂസങ്ങനെ പോകുന്ന വഴിയിൽ കണ്ടവർക്കൊക്കെ പരോപകാരം ചെയ്തു.അവൻ തിരിച്ചു വീട്ടിലെത്തി.എല്ലാവരും വിചാരിച്ചു അവൻ മരിച്ചെന്ന്.അപ്പൂസ് നടന്ന സംഭവങ്ങൾ എല്ലാവർക്കും പറഞ്ഞുകൊടുത്തു. മാന്ത്രികകണ്ണാടി ആ വീടിന്റെ താങ്ങായും തണലായും തിളങ്ങി നിന്നു.

♣♣♣♣♣

**കഥ**



## അനിയത്തി

**ചൈത്ര 9 C**

ഇന്നും മഴകാണുമ്പോൾ വേദനയുടെ ആ മഴക്കാലം ആർത്തിരമ്പി ഓർമ്മയിലേക്ക് വരുന്നു.ഈ കഥ ഞാൻ നിങ്ങളോട് പറയുന്നത് നിങ്ങളുടെ സഹതാപം പിടിച്ചുപറ്റാനോ അതുവഴി ജോലി നേടാനോ അല്ല. ഇന്റർവ്യൂ ബോർഡിലെ ഉയർന്ന ഉദ്യോഗസ്ഥൻ പുച്ഛത്തോടെ തലയാട്ടി.അയാൾ പറഞ്ഞു "മിസ്റ്റർ.രാജ് **ഞാൻ താങ്കളുടെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ അനുഭവം പറയാനാണ് പറഞ്ഞത്.അതിനിത്ര വലിയ ആമുഖം ആവശ്യമില്ല."ക്ഷമിക്കണം സാർ അന്നു രാത്രി ചെറിയ തോതിൽ ചാറ്റൽ മഴയുണ്ടായിരുന്നു. മലമ്പുഴ ഡാമിനടുത്തായിരുന്നു എന്റെ വീട്. ഡാമിനടുത്തുള്ളവർ ശ്രദ്ധിക്കണമെന്നും റെഡ് അലേർട്ട് ഉണ്ടെന്നും പറഞ്ഞപ്പോൾ ഞങ്ങൾ കാര്യമാക്കിയില്ല . ഒരുരാത്രികൊണ്ട് എന്ത് സംഭവിക്കാൻ?പുലർച്ചെ ആരോ വാതിൽ മുട്ടുന്നത് കേട്ടു.മഴയുടെ അലർച്ചയ്ക്കിടെ അമ്മയാണ് അത് അവ്യക്തമായി കേട്ടത് 1924 -ലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള കഥകൾ അമ്മയുടെ നാട്ടിൽ വ്യാപകമായതിനാൽ ഏത് പുലർച്ചയ്ക്കും മഴയുള്ള ദിവസം അമ്മ എന്നും ശ്രദ്ധിക്കും.... വാതിൽതുറന്നപ്പോൾ രക്ഷാപ്രവർത്തകാരായിരുന്നു.ഡാം തുറന്നുവെന്നും മുട്ടോളം. കയറിയെന്നും എല്ലാവരും**

അവശ്യസാധനങ്ങൾ മാത്രമെടുത്ത് ഒഴിഞ്ഞുപോകണമെന്നും അവർ പറഞ്ഞു. അമ്മയെ ബോട്ടിൽ കയറ്റി ഞാൻ എന്റെ അനിയത്തിയെ ഉണർത്താൻ പോയി .അവൾ നിഷ് കളങ്കയായി ഉറങ്ങുകയാണ് ഞാൻ അവളെ വിളിച്ചുണർത്തി ബോട്ടിലേക്ക് ഓടി .ബോട്ടിൽ ആവശ്യത്തിലേറെ ആൾക്കാറുണ്ടായിരുന്നു .അവൾ എന്റെ ചുമലിൽ കിടന്ന് ഉറങ്ങുകയാണ്. പെട്ടെന്ന് ബോട്ടിന് ഒരു ഇളക്കം യാത്രക്കാർ നിലവിളിച്ചു . വലതുഭാഗം വെള്ളത്തിലേക്ക് ചരിഞ്ഞു. അവളുടെ കൈ എന്റെ വിരലിലൂടെ ഊർന്ന് പോയി .ഞാനും അമ്മയും മറ്റുചിലരും ക്യമ്പിലെത്തി പുറത്തെ മഴയെക്കാൾ എന്റെ അമ്മയുടെ കണ്ണിൽനിന്നും മഴ പെയ്യുന്നുണ്ടായിരുന്നു എനിക്ക് ദുഃഖവും ഭയവും കാരണം കരയാൻപോലും കഴിഞ്ഞില്ല.പിറ്റേന്ന് മുങ്ങൽവിദഗ്ധർ മൃതദേഹങ്ങൾ തിരിച്ചറിയാൻ കൊണ്ടുവന്നു അതിൽ അവളുടേത് ഉണ്ടാവരുതേ എന്ന് ഞങ്ങൾ ആഗ്രഹിച്ചു.എന്നാൽ വിധിയെ ആര് നിയന്ത്രിക്കും? അതിൽ അവളുണ്ടായിരുന്നു ,തണുത്ത് വിറങ്ങലിച്ച് ..."അത് എനിക്ക് ഇപ്പോഴും മറക്കാനാകില്ല സർ".രാജിന്റെ കരച്ചലിന് മുമ്പിൽ ഒരക്ഷരം സംസാരിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല.അയാളുടെ കണ്ണീരിൽ അനിയത്തിയുടെ മുഖം തിളങ്ങുന്നതായി അവർക്ക് തോന്നി .

♣♣♣♣♣♣

**യാത്രാവിവരണം**



**മുഹമ്മദ് ഷമ്മാസ് സി എ**

**10 A**

## ആനന്ദത്തിന്റെ ഉൾത്തുടിപ്പുകൾ



ജനുവരി,2 വിനോദയാത്രയുടെദിനം.ഏറെ ആകാംഷയോടെയും ഉത്സാഹത്തോടെയും തന്നെ രാവിലെ 7 :30 ആകുമ്പോഴേക്ക് സ്കൂളിലെത്തി . അവിടുന്ന് എല്ലാവരെയും കണ്ട്,കൂട്ടുകാരോടൊത്ത് ബസ്സിനരികിലേക്ക് അധ്യാപകന്റെ നേതൃത്വത്തിൽ പോയി.'നിർമാല്യം ' എന്ന ബസിലെ 24 ,25 ,26 എന്ന സീറ്റിൽ ഞാൻ ഇരുന്നു.യാത്ര ആരംഭിച്ചു .ഞങ്ങൾ ആദ്യം തന്നെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വഴിയിലൂടെ നീങ്ങി.അതിനു ശേഷം ദീർഘ യാത്ര.കർണാടകത്തിലേക്കു കടന്നു ഞങ്ങൾ ആദ്യം എത്തിയത് ദുബേര ഫോറെസ്റ്റിൽ.കൊടകിനടുത്തുള്ള ഈ സ്ഥലം വളരെ പ്രകൃതിരമണീയമായിരുന്നു.അവിടെ കുറച്ചു സമയം ചിലവിട്ടു ഞങ്ങൾ വീണ്ടും യാത്ര

തുടർന്നു.യാത്ര എന്ന് പറയുന്നത് സംഗീതത്തിനനുസൃതമായ നൃത്തം വച്ചുകൊണ്ടായിരുന്നു.ദുബേര ഫോറെസ്റ്റിൽ നമ്മൾ ഏറുമാടത്തിലും മറ്റും കയറി,അവിടുത്തെ അരുവിയിൽ സമയം ചിലവിടുകയും ചെയ്തു.പിന്നെ ഭക്ഷണവേളയായിരുന്നു.ഭക്ഷണത്തിന് ശേഷം നമ്മൾ ബുദ്ധമതത്തിന്റെ സൂചകമായ 'ഗോൾഡൻ ടെംപിളിൽ' പോയി.ബുദ്ധമത അനുഷ്ഠാനങ്ങളും ആചാരങ്ങളും ഒക്കെ നമ്മൾ അവിടുന്ന് പരിചയപെട്ടു.ധാരാളം ചിത്രങ്ങളും ,വിഗ്രഹങ്ങളും ഒക്കെ നിറഞ്ഞ ആ സ്ഥലം തീർത്തും ഭക്തിപൂർണമായിരുന്നു.അവിടുന്ന് കുറച്ച കടകളിലൊക്കെ കയറി ഞങ്ങൾ വീണ്ടും

യാത്ര തിരിച്ചു.പിന്നീട് വൈകുന്നേരത്തെ ചായയും പലഹാരവും കഴിച്ച നമ്മൾ പൂക്കളുടെ കൊട്ടാരമായ വൃന്ദാവനത്തിലേക്കു പോയി.അതിമനോഹരമായ ഈ സ്ഥലത്തിൽ ജലത്തിൽ വിവിധ തരാം പ്രകാശവർണങ്ങൾ കൊണ്ട്അലങ്കരിച്ചിരുന്നു.കണ്ടാൽ കണ്ണ് തല്ലും വിധം മനോഹരമായ ഒരു കാഴ്ചയാണ് വൃന്ദാവനം നമുക്ക് സമ്മാനിച്ചത്.അതിനു ശേഷം ഞങ്ങൾ താമസസ്ഥലത്തേക്ക് നീങ്ങി. ചാമുണ്ടിക്കടുത്തുള്ള ഒരു ലോഡ്ജിൽ.രാത്രി അതിസുന്ദരമായിരുന്നു.കളികളും,വർത്തമാനങ്ങളും ഒക്കെയായി.രാവിലെതന്നെ




എഴുന്നേറ്റു അടുത്തുള്ള ഹോട്ടലിൽ നിന്ന് പ്രാതൽ കഴിച്ച ശേഷം ഞങ്ങൾ 'മൈസൂർ സൂ 'ലേക്ക് പുറപ്പെട്ടു.ധാരാളം പക്ഷികളും,മൃഗകങ്ങളും ഒക്കെ നിറഞ്ഞതായിരുന്നു.അവിടുന്ന് ഞങ്ങൾ ധാരാളം ജന്തുക്കളെ പരിചയപ്പെട്ടു .അവിടെനിന്നു ലഭിച്ച അറിവുകളുമേന്തി

ഭക്ഷണം കഴിച്ച ഞങ്ങൾ നേരെ ചെന്നത് മൂന്ന് നദികളുടെ സംഗമസ്ഥാനത്തായിരുന്നു.അവിടെ നിന്ന് എല്ലാം ആസ്വദിച്ച ശേഷം ഞങ്ങൾ മൈസൂരിലെ ഒരു കോട്ടയിലേക്ക് പോയി.വളരെ ആഡംബരമായ ഈ കോട്ടയിൽ രാജാക്കന്മാരുടെ കോട്ടയുടെ ഉൾത്തട്ടുകൾ നമ്മൾ മനസ്സിലാക്കി.അതിനു ശേഷം ടിപ്പുവിന്റെ ശവശരീരം അടക്കം ചെയ്ത സ്ഥലം കണ്ടു.പിന്നീട് സമ്മർ പാലസിൽ പോയി അവിടെ കുറച്ചു സമയം ഉല്ലസിച്ചു വീണ്ടും യാത്ര തുടർന്നു.പിന്നെ ഞങ്ങൾ എത്തിയത് ചാമുണ്ടിയിലായിരുന്നു.നേരം വൈകിയിരുന്നു.റയ്ഹാണപ്പിന്റെ കൈവിരലുകൾ പിടിച്ചു കൊണ്ട് ഞങ്ങൾ ചാമുണ്ടിയിലൂടെ നടന്നു.എന്ത് നല്ല കാഴ്ചകളായിരുന്നു അത്?അവിടുന്ന് നമുക്ക് മൈസൂർ മുഴുവനും ദർശിക്കാൻ കഴിഞ്ഞു.അതിമനോഹരം.പിന്നെയും മുറിയിലെത്തി,അന്നത്തെ ദിനം കഴിഞ്ഞു.പിറ്റേ ദിവസത്തെ പ്രാതൽ കഴിഞ്ഞു വണ്ടർലയിൽ എത്തി.എന്തെന്നില്ലാത്ത ഉത്സാഹം അവിടെ ആർത്തുല്ലസിച്ചു.ധാരാളം റൈഡുകളിലും ഒക്കെ കയറിയും,ഭക്ഷണത്തിനു ശേഷം,വെള്ളത്തിന്റെ ധാരാളം സംഭവങ്ങളിൽ കയറിയും വണ്ടർലയിൽ അടിപൊളിയാക്കി.വളരെ നല്ല ഒരു അനുഭവമായിരുന്നു അത്.പിന്നെ ഞങ്ങൾ വീട്ടിലേക്കു തിരിച്ചു.രാവിലെ 5:00 ആയി വീട്ടിലെത്തുമ്പോൾ.യാത്ര ക്ഷീണം ഉറങ്ങി തീർത്തു.

വളരെ മനോഹരമായ ഓർമ്മകൾ തങ്ങിനിൽക്കും വിധം,വളരെ സുന്ദരമായ ഒരു വിനോദയാത്ര തന്നെയായിരുന്നു ഈ യാത്ര.

♣♣♣♣♣♣



## വിരാമമില്ലാത്ത കാത്തിരിപ്പ്

ശ്യമിലി
**10 E**

ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്ന ആ തണൽമരത്തിന്റെ സ്മിതത്തുവൊളിയാണ് ഇന്നും എന്നെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.ഒരിക്കൽ എല്ലാം നഷ്ടപ്പെട്ടുപോയ ആ ദുഃഖനിമിഷത്തിൽ ഇത്തിരിയെങ്കിലുമൊരു ആശ്വാസം പകർന്ന ആ മരത്തണൽ ഇന്നും ഞാൻ കൊതിക്കാറുണ്ട്. അച്ഛനും,അമ്മയും,ചേട്ടനുമൊപ്പം ദുഃഖത്തിന്റെ നിഴൽ അധികമൊന്നും പതിക്കാതെപോയ ഞങ്ങളുടെ കൊച്ചുകുടുംബം സന്തോഷത്തോടെ കടന്നുപോയിരുന്നു.ഏറെ ജോലിത്തിരക്കുകൾക്കിടയിലും അച്ഛനെന്നും കൂടുതലിഷ്ടം ഞങ്ങളുടെ പുഞ്ചിരി കാണാനായിരുന്നു.കാലം ശരവേഗത്തിൽ പാഞ്ഞപ്പോൾ ഞങ്ങളും കുട്ടിക്കാലത്തിന്റെ കളിചിരികളിൽനിന്നും മാറിക്കൊണ്ടിരുന്നു.ഞാൻ ഒൻപതാംക്ലാസ്സ് പാസ്സായി പത്താംക്ലാസ്സിലേക്കു കടന്നു.പ്ലസ് ടു പാസ്സായ ചേട്ടൻ ഏതു കോഴ്സിനു ചേരണമെന്ന ആശയക്കുഴപ്പത്തിലായിരുന്നു.അന്നു രാത്രി ജോലികഴിഞ്ഞ് വൈകിയായിരുന്നു

അച്ഛൻ വീട്ടിലെത്തിയത്.എഞ്ചിനിയറിംഗ് കോളേജിൽ ചേട്ടന്റെ അഡ്മിഷന് തയ്യാറാക്കിയ പേപ്പർ അച്ഛൻ മേശപ്പുറത്ത് വെച്ചു.

"എന്താ അച്ഛാ ഇത് ?" ചേട്ടൻ അച്ഛനോട് ആകാംക്ഷയോടെ ചോദിച്ചു.

ഏറെ സന്തോഷത്തോടെ ആയിരുന്നു അച്ഛന്റെ മറുപടി."കിച്ചൂ ഇത് നിന്റെ അഡ്മിഷനായി തയ്യാറാക്കിയ പേപ്പറുകളാണ്".

"എവിടെ ഏത് കോഴ്സ് ? പറയച്ഛാ".

"ഇവിടെയടുത്ത് കുണ്ടൂർമല എഞ്ചിനിയറിംഗ് കോളേജിലാണ്".


"ഞാൻ അച്ഛനോട് പറഞ്ഞതല്ലേ ഒരു പ്രൊഫഷണൽ ഫോട്ടോഗ്രാഫറാകാനാണ് എനിക്ക് ഇഷ്ടമെന്ന്".

"നിന്റെ ഫ്യൂച്ചർ ഇല്ലാതാകുമെന്ന ഭയമാണ് മോനേ എനിക്ക്.ഇതാകുമ്പോൾ നിനക്ക് നല്ല ഒരു ജോലിതന്നെ ലഭിക്കും".പതിയെപ്പതിയെ സൗമ്യമായ ആ സംസാരം ഒരു തർക്കത്തിലേക്ക് വഴിമാറി.അന്ന് രാത്രി ഞങ്ങളുടെ സന്തോഷം നിറഞ്ഞ കുടുംബത്തിൽ വിള്ളലുണ്ടായി.അന്ന് രാത്രി ചേട്ടൻ എന്നെ ചേർത്തു പിടിച്ച് ഒരുപാട്

കരഞ്ഞു.അന്നോളം ഞാൻ കണ്ടിട്ടില്ലാത്ത ചേട്ടന്റെ സങ്കടം നിറഞ്ഞ മുഖം ഞാൻ ആദ്യമായി കണ്ടു.അന്ന രാത്രി ആരോടും ഒന്നും പറയാതെ ചേട്ടൻ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി.അന്ന്തൊട്ട് ഇന്നോളം "അശ്വിൻ എവിടെ? ","കിച്ചു എവിടെ? "അവൻ എപ്പോഴാ വരിക? “ എന്ന ഓരോരുത്തരുടെ ചോദ്യവും ഇന്നും എന്റെ കാതിലുണ്ട്.അന്ന് തളർന്നുവീണ ഞങ്ങളുടെ അച്ഛൻ ഇന്നോളം എഴുന്നേറ്റിട്ടില്ല.എന്റെ ഓർമകളിൽ എന്റെ തണൽമരം എപ്പോഴും ഏട്ടനായിരുന്നു.കുട്ടിക്കാലം മുതൽ ഞാൻ ജീവനോളം കണ്ടു,എന്നെ ജീവനായി കണ്ട എന്റെ ഏട്ടനായി കാത്തിരിക്കാൻ ഈ ജന്മം മുഴുവൻ ഞാൻ തയ്യാറാണ്.പഴയതുപോലെ എല്ലാവരുമൊന്നിച്ച് കഴിയാൻ അരികിലായി,എവിടെയോ മറഞ്ഞിരിക്കുന്ന എന്റെ ഏട്ടനായി എന്റെ കാത്തിരിപ്പ് വിരാമമില്ലാതെ തുടരുന്നു.

♣♣♣

ലേഖനം



നിഷാൽ ,9 ഇ

# ശ്രീനിവാസ രാമാനുജൻ

ആധുനിക ഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിതശാസ്ത്രജ്ഞനായായിരുന്ന ശ്രിനിവാസരാമാനുജനെന്ന നിസംശയം പറയാം. തമിഴ് നാട്ടിലെ ഈറോഡിലെ ദരിദ്ര ബ്രാമണ കുടുംബത്തിലാണ് 1887 ഡിസംബർ 22 ന് അദ്ധേഹം ജനിച്ചത് . അച്ഛനായ അയ്യങ്കാർ തുണിക്കടയിൽ കണക്കെഴുത്തുക്കാരനായിരുന്നു. കോമളത്തമ്മാളമായിരുന്ന അമ്മ . ശ്രിനിവാസ രാമാനുജത്തിന് ഗണിതത്തിൽ വിദഗ്ധ ശിക്ഷണം ലാഭിച്ചില്ല . പക്ഷേ സ്വന്തം പ്രയത്നത്തിലൂടെ സംഖ്യാ സിദ്ധാതം , ഗണിത വിശകലനം ,അനന്ത ശ്രേണി , എന്നീ ഗണിതമേഖലകളിൽ നിസ്തുലമായ സംഭാവനകൾ നൽകി . അദ്ധേഹത്തിന്റെ 125-ാം ജന്മവാർഷികമായ 2012 ദേശിയ ഗണിതശാസ്ത്ര വർഷമായി ആചരിക്കുന്നു . സ്കൂൾവിദ്യാർത്ഥി ആയിരിക്കുബോൾ മുതൽ ഗണിതമായിരുന്നു ഇഷ്ടവിഷയം . സ്കോളർഷിപ്പോടുകൂടി പഠനത്തിനായി 1904-ൽ കുഭകോണംഗവ.കോളെജിൽ ചെർന്നു . ഗണിതമൊഴിച്ച് മറ്റ് വിഷയങ്ങളിലെല്ലാം തോറ്റത് കൊണ്ട് സ്കോളർഷിപ്പ് മുടങ്ങി . 1909 ജൂലൈ 14 ന് ശ്രിനിവാസ രാമാനുജൻ ജാനകിയെ വിവാഹം ചെയ്തു .

വിവാഹത്തോടെ അദ്ധേഹത്തന് ജോലി അത്യാവശ്യമായി . പഠനം മുങ്ങടിയപ്പോഴും ഗണിതശാസ്ത്ര പഠനം അദ്ധേഹം സ്വയം തുടർന്നു .ജി . എസ് . കാർ രചിച്ച സിനോപ്സിസ് ഓഫ് എലമെൻറി റിസൾട്ട്സ് **ഇൻ പുവർ മാത്തമാറ്റിക്സ്** എന്ന പുസ്തകത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങളങ്ങൾ ഓരോന്നായി പരിഹരിച്ചുപോന്നു ഇന്ത്യൻ മാത്തമറ്റികൽ സൊസൈറ്റിയുടെ ജേർണലിൽ അദ്ധേത്തിൻറ പ്രബന്ധം

പ്രസിദ്ധികരിച്ചു .
1912 ജനവരി 12 ന് മദ്രാസ് അക്കൗണ്ടൻറ ജനറൽ ഓഫീസിൽ ഗുമസ്തനായി ജോലി കിട്ടി. അവിടെവച്ച് രാമാനുജൻറ പ്രതിഭ തിരിച്ചറിഞ്ഞ പോർട്ട് ട്രസ്റ്റ് ചെയർമാൻ അദ്ധഹത്തെഉപരിപഠനത്തിന് സഹായിച്ചു.1920 ഏപ്രിൽ26 അന്തരിച്ചു.

♣♣♣

## പ്രശ്നോത്തരി

1. ചൈനയിലെ കിന്റർഗാർട്ടനുകളിൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കാനായി രൂപകല്പനചെയ്തിരിക്കുന്ന കൃത്രിമബുദ്ധിയുള്ള റോബോട്ട്?
2. നോൺസ്റ്റിക്ക് പാത്രങ്ങളുടെ പ്രതലങ്ങളുടെ നിർമ്മാണ ഘടകമായ രാസപദാർത്ഥം ?
3. ലോകത്തിലെ ഏറ്റവും ഉയരമുള്ള സ്മാരകപ്രതിമയാണ് സ്റ്റാച്യു ഓഫ് യൂനിറ്റി. ഇന്ത്യൻ ശില്പിയായ റാം വിസുതർ നിർമ്മിച്ച ഈ ശില്പം ഏത് ഇന്ത്യൻ ദേശീയനേതാവിന്റേതാണ്?
4. പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയുടെ ശാസ്ത്രനാമം ?
5. ദ ലാസ്റ്റ് ഗേൾ എന്ന പുസ്തകം 2018 ൽ സമാധാനത്തിനുള്ള നോബ ൽ സമ്മാനം നേടിയ ഒരു പെൺകുട്ടിയുടേതാണ്. ആരുടെ ?
6. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവ് ആര് ?
7. കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ മൊബൈൽ ആപ്പ് ?
8. ഇന്ത്യയിലെ ഏറ്റവും വലിയ പക്ഷിസങ്കേതമായ ഭരത്പൂർ പക്ഷിസങ്കേതം ഏത് ദേശീയോദ്യാനത്തിന്റെ ഭാഗമാണ് ?
9. ഇന്ത്യയുടെ ആദ്യത്തെ വനിതാ പ്രതിരോധമന്ത്രി ?
10. റോബോട്ടിന് പൗരത്വം അനുവദിച്ച ലോകത്തിലെ ആദ്യരാജ്യം ?

(ഉത്തരം പേജ് 26 ൽ)

അനില പി
കൈറ്റ് മിസ്ട്രസ്

# ലിറ്റിൽ കൈറ്റ്സ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ ടി അധിഷ്ഠിതപഠനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (KIT E - Kerala Infrastructure and Technology for Education).പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ ടി@ സ്കൂൾ പ്രോജക്ടാണ് കൈറ്റ് ആയി മാറിയത്. കൈറ്റിന്റെ നേതൃത്വത്തിൽ , കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ് .



വിവരവിനിമയ സാങ്കേതികവിദ്യയുടെ വ്യത്യസ്ത മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത് . 2018 ജനുവരി22 നാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത് .

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയോടനുബന്ധിച്ച് സ്കൂളുകളിൽ ഹൈടെക് ക്ലാസ്സുമുറികളും ഐ സി ടി അധിഷ്ഠിതപഠനവും യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുന്ന .ഈ ഒരു സാഹചര്യത്തിൽ ഹൈടെക് ക്ലാസ്സുമുറികളിൽ ലാപ്ടോപ്പ് , പ്രോജക്ടർ പോലുള്ള ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനും അവയുടെ പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യാർത്ഥികളെയും പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ സ്കൂളുകളിൽ നടപ്പിലാക്കിയിരിക്കുന്നത് . ഓരോ സ്കൂളിലും അവിടുത്തെ അധ്യാപകരായ കൈറ്റ് മാസ്റ്റർ , കൈറ്റ് മിസ്ട്രസ്സ് എന്നിവരുടെ നേതൃത്വത്തിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം

നൽകുന്നത് . അനിമേഷൻ , മലയാളം ടൈപ്പിങ്ങ് , പ്രോഗ്രാമിങ്ങ് , ഹാർഡ് വെയർ ,മൊബൈൽ ആപ്പ് , റോബോട്ടിക്സ് ,ഇലക്ട്രോണിക്സ് , സൈബർസുരക്ഷ എന്നിങ്ങനെ വിവിധമേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു . വിവരവിനിമയ സാങ്കേതികവിദ്യയുടെ വിവിധ മേഖലകളിൽ കുട്ടികൾക്കുള്ള താല്പര്യവും കഴിവും വളർത്തിയെടുക്കുന്നതിന് ഇത്തരം പരിശീലനപ്രയോജനപ്പെടുന്നു .

# പ്രശ്നോത്തരി ഉത്തരങ്ങൾ

1. കീകോ റോബോട്ട്
2. ടെഫ്ളോൺ (PTFE – Poly tetrafluro ethylene )
3. സർദാർ വല്ലഭായ് പട്ടേൽ
4. സ്റ്റൊബൈലാന്തസ് കുന്തിയാന.
5. നാദിയ മുറാദ്
6. ജോൺ മെക്കാർത്തി
7. റീ യുണൈറ്റ് (Re Unite )
8. കിയലാഡിയോ ഘാന നാഷണൽ പാർക്ക് ( രാജസ്ഥാൻ )
9. നിർമ്മലാ സീതാരാമൻ
10. സൗദി അറേബ്യ (സോഫിയ എന്ന റോബോട്ടിന് )

**ശാസ്ത്രലേഖനം**

**ഗായത്രി 9 E**



# ഭൗതിക ശാസ്ത്രം

പ്രകൃതിയെപ്പറ്റിയുള്ള ശാസ്ത്രമാണ് ഭൗതികം അഥവാ ഭൗതികശാസ്ത്രം . പ്രകൃതിയിൽ കാണപ്പെടുന്നതെല്ലാം ഒന്നുകിൽ ദ്രവ്യരൂപത്തിലോ അല്ലെ ങ്കിൽ ഊർജരൂപത്തിലോ ആണ് .അതിനാൽ ദ്രവ്യത്തെയും ഊർജത്തെയും പറ്റിയുള്ള പഠന മാണ് ഭൗതികം .പ്രകൃതിയിലുള്ള -തെല്ലാം നിർമിതമായിരിക്കുന്ന ദ്രവ്യം ,ഊർജം എന്നിവയുടെ സ്വഭാവ സവിശേഷതകളെക്കുറിച്ചും സ്ഥലകാലങ്ങളിൽ അവയുടെ പരസ്പര പ്രവർത്തനങ്ങളെ കുറിച്ചും ഉള്ള പഠനമാണ് ഭൗതിക ശാസ്ത്രം .ഊർജബലം ,സ്ഥലകാലം തുടങ്ങിയ അടിസ്ഥാന ആശയങ്ങളും ഇവയിൽ നിന്ന് ഉത്ഭൂതമാകുന്ന ദ്രവ്യം ,ദ്രവ്യമാനം ,ചാർജ് മുതലായവയും ഇവയുടെ ചലനവും ഭൗതിക ശാസ്ത്രത്തിന്റെ പ്രതിപാദ്യങ്ങളാണ് .കൂടുതൽവിശദമാക്കുകയാണെങ്കിൽ ലോകത്തിന്റെയും വിശ്വത്തിന്റെയും പ്രകൃതം മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള സാമാന്യവും വിശ്ലേഷണാത്മകവുമായ പഠനമാണ് ഭൗതിക ശാസ്ത്രം .ഏറ്റവും പുരാതനമായ പാഠ്യവിഷയങ്ങളിൽ ഒന്നാണ് ഭൗതിക ശാസ്ത്രം .ഒരുപക്ഷേ ജ്യോതിശാസ്ത്രത്തെ ഉൾക്കൊള്ളുന്നതി ലൂടെ ഭൗതിക ശാസ്ത്രത്തെ ഏറ്റവും പഴക്കംചെന്ന പഠന വിഷയമായി കണക്കാക്കാൻ സാധിക്കും .പതിനാറാം നൂറ്റാണ്ടിലെ ശാസ്ത്രീയവിപ്ലവ കാലത്ത് ഭൗതിക ശാസ്ത്രം അതിന്റേതായ സ്വതന്ത്ര നിലനിൽ പ്പുള്ള അദ്വിതീയമായ ഒരു ആധുനിക ശാസ്ത്രമായി ഉരുത്തിരിഞ്ഞു വന്നു .എന്നിരിക്കിലും ഗണിതാത്മക ഭൗതികം ,ക്വാണ്ടം ,രസതന്ത്രം തുടങ്ങിയ ആധുനിക ശാസ്ത്രശാഖകളിൽ ഭൗതിക ശാസ്ത്രത്തിന്റെ സീമകൾ നിർവചിക്കുക പ്രയാസം.. വളർന്ന് കൊണ്ടിരിക്കുന്ന ഈ ശാസ്ത്രശാഖ യ്ക്ക് നിത്യ ജീവിതവുമായി വളരെയധികം ബന്ധമുണ്ട് .

പുസ്തക നിരൂപണം



അസ് ലഹ, 9E

# ആൽകെമിസ്റ്റിലെ ജീവിത സത്യങ്ങൾ

ലോകപ്രശസ്തനായ ബ്രസീൽ സാഹിത്യകാരൻ പൗലോ കൗലോയുടെ പ്രശസ്തമായ പ്രലോഭനങ്ങൾ നിറഞ്ഞ കൃതിയാണ് ആൽകെമിസ്‌റ്റ്. .പൗലോ കൗലോയെലോകപ്രശസ്തമാക്കിയ പുസ്തകം കൂടിയാണ് എന്ന് പറയുന്നതിലും തെറ്റില്ല.

ലോകത്ത് നിറഞ്ഞുനിൽക്കുന്ന ശാസ്ത്രത്തെ കഥാകൃത്ത് പറയുന്നു . ഐഹിക ജീവിതത്തിന് ദൈവികമായ സൗരഭ്യം നൽകുന്ന വഴിയാണ് ഈ എഴുത്തുകാരന്റേത് .ഏതൊരു വ്യക്തിയും വായിച്ചിരിക്കേണ്ട ഈ കൃതി നമുക്ക് ജീവിത വീക്ഷണങ്ങൾ നൽകുന്നു .നൂറ്റാണ്ടുകളിൽ ഉണ്ടാകുന്ന അത്ഭുതമായിട്ടാണ് ലോകം ഈ കൃതിയെ കാണുന്നത് .

ആട്ടിൻ പറ്റങ്ങളെ മേച്ച് നടക്കുന്ന സാന്റിയാഗോ എന്ന ഇടയബാലനാണ് ഈ കഥയിലെ പ്രധാന കഥാപാത്രം . ഒരു സ്വപ്നസന്ദർശനത്തിന്റെ പ്രേരണയിൽ ഈ ബാലൻ നടത്തുന്ന യാത്രയാണ് ആൽകെമിസ്‌റ്റിലെ പ്രതിപാദ്യം .സ്വപ്നത്തിൽ അവന് നിധി ലഭിക്കുന്നു . അവന്റെ കൈ പിടിച്ച് ഒരു കുട്ടി അവനെ ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടുകയും ചെയ്യുന്നു .ഈ കൃതിയെ യാത്രയുടെ പുസ്തകം എന്ന് വിളിക്കാം .ആ ഒരു സ്വപ്നമാണ് അവനെ ജീവിക്കാൻ പഠിപ്പിക്കുന്നത് .ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർത്ഥയാത്ര ഐഹിക ജീവിതത്തിന്

ദൈവികമായ സൗരഭ്യം നൽകുന്ന

വഴിയാണ് . നമുക്ക് ശ്രമിച്ചാൽ കഴിയാത്തതായി ഒന്നുമില്ലെന്ന് പൗലോ കൗലോ വ്യക്തമായി ഈ കഥയിലൂടെ വായനക്കാരന്റെ മനസ്സിൽ കുറിച്ചുവെക്കുന്നു .ജീവിതമാകെ മാറ്റിമറിക്കുന്ന ഒരു പുസ്തകം ഓരോ പതിറ്റാണ്ടിലും പിറന്നുവീഴും .ആൽകെമിസ്ററ് അത്തരം ഒരു കൃതിയാണ് . ജീവിതമാകുന്ന ആഴക്കടലിൽ മുങ്ങിക്കുളിച്ച് കരപറ്റുന്ന സാന്റിയാഗോ നമുക്ക് നൽകുന്ന പാഠം ചെറുതല്ല വ്യാഖ്യാനിക്കാൻ പറ്റാത്തതാണ് .

സാന്റിയാഗോയുടെ ജീവിത പ്രയത്നങ്ങൾ , അവൻ എത്തിപ്പെടുന്ന സ്ഥലങ്ങൾ ,അവിടത്തെ സംസ്കാരങ്ങൾ ,എന്നിവയെല്ലാം ഈ കഥയിൽ വ്യക്തമാണ് .വളരെ മനോഹരമായ ഭാഷാരീതി യാണ് ഈ കൃതിയിൽ ഉടനീളം കാണാൻ കഴിയുന്നത് .സാഹിത്യ ഭാഷയിൽ പക്ഷേ വളച്ചുകെട്ടിയല്ലാതെ മനുഷ്യ മനസ്സിൽ ഒരു വായനയിൽ തന്നെ ഉറപ്പിച്ചുനിർത്തുന്ന രീതിയിൽ പൗലൊ കൗലൊ അവതരിപ്പിക്കുന്നു.

നിധി കണ്ടുപിടിക്കാൻ അവൻ അവനാലാകുന്നതും ശ്രമിക്കുന്നു .ഇതിലെ ഓരോ ഭാഗത്തും പ്രയോഗിച്ചിരിക്കുന്ന ശൈലി വ്യാഖ്യാനിക്കാൻ പറ്റാത്തത്രയും സുന്ദരമാണ് . തികച്ചും സമകാലിക ജീവിതത്തിന് പുരോഗമന കരമായ ഈ കഥ ശസ്ത്രിയാർജിച്ചതാണ് . സാമൂഹികതയിലും ഒട്ടും പിന്നിലല്ല .

ഇതിലെ കേന്ദ്രകഥാപാത്രമായ സാന്റിയാഗോ തന്റെ ലക്ഷ്യം കൈവരിക്കാൻ തന്നാലാവുന്നതും ശ്രമിക്കുന്നു .അവന്റെ ആത്മ വിശ്വാസം നിറഞ്ഞ സ്വഭാവം ആരെയും ആകർഷിക്കും .വായനയെ പ്രണയിച്ച സാന്റിയാഗോ ആ യാത്രയിൽ വായന വിട്ട് പ്രകൃ തിയെ സ്നേഹിക്കുന്നു .പ്രകൃതിയുടെ ഭാഷ മനസ്സിലാക്കുന്നു .ആ നിധി കണ്ടുപിടിക്കാൻ അവൻ പല തൊഴിലും ചെയ്യുന്നു .പലരുമായും അടുക്കുന്നു .അവസാനം അവൻ പിരമിഡിനടുത്ത് എത്തുന്നു .പക്ഷേ അപ്പോഴാണ് അവൻ അറിയുന്നത് അവൻ

യാത്ര പുറപ്പെട്ടിടത്താണ് നിധി ഉള്ളതെന്ന് .ഈ യാത്രക്കിടയിൽ അവൻ ഫാത്തിമ എന്ന പെൺകുട്ടിയെ പ്രണയിക്കുകയും നിധിയുനായി വരുമെന്ന് വാക്കുകൊടുക്കുകയും ചെയ്യുന്നു .യാത്രപുറപ്പെട്ടിടത്താണ് നിധി ഉള്ളത് എന്നറിഞ്ഞിട്ടും ആത്മവിശ്വാസം കൈവിടാതെ

പതറാതെ നിരാശനാകാതെ അവൻ യാത്ര തിരിക്കുന്നു .
അവിടെ വച്ച് അവന് നിധി ലഭിക്കുന്നു.അപ്പോഴും അവൻ ഫാത്തിമയ്ക്ക് കൊടുത്ത വാക്ക് മറക്കുന്നില്ല .വളരെ മാതൃകയായ കഥാപാത്രം തന്നെയാണ് ഇതിലെ സാന്റിയാഗോ .

ആൽകെമിസ്ററ് വായിക്കാത്തവർക്ക് തീരാനഷ്ടമാണ്.ജീവിതത്തിന്റെ അർത്ഥം എന്തെന്ന് വായനക്കാർക്ക് മനസ്സിലാക്കിപ്പിക്കാൻ പൗലോ കൗലോ എന്നപ്രശസ്തകാരന് കഴിഞ്ഞു .ആൽകെമിസ്റ്റിൽ ജീവിത സത്യങ്ങൾ നിറഞ്ഞുനിൽക്കുന്നു

♣♣♣♣♣♣



ജീവചരിത്രം

അഷ്മിത്ത് യു സി

# യൂക്ലിഡ്

ഗണിതശാസ്ത്ര വിഭാഗത്തിൽ ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്ന ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനാണ് യക്ലിഡ് .BC 300 ൽ ജീവിച്ചിരുന്ന യൂക്ലിഡ് ഓഫ് അലക്സാണ്ട്രിയ എന്ന പേരിലും അറിയപ്പെടുന്ന .ടോളമി ഒന്നാമന്റെ ഭരണകാലത്ത് (bc723-283)ഇദ്ദേഹം അലക്സാണ്ട്രിയിൽ പ്രവർത്തിച്ചിരുന്ന ഗണിത ശാസ്ത്രത്തിലെ ഒരു പ്രധാന കൃതിയാണ് ഇദ്ദേഹം രചിച്ച 'എലമന്റ്സ് 'ഈ ഗ്രന്ഥം പ്രസിദ്ദീകരിച്ച ശേഷം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമോ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശയോവരെ ഗണിത ശാസ്ത്രം പഠിപ്പിക്കാൻ പ്രധാനമായും ജ്യാമിതി ഉപയോഗിച്ചിരുന്ന എന്നതിൽ നിന്ന് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം .വളരെ കുറച്ച് മൗലിക തത്വങ്ങളിൽ (ആക്സിയം) നിന്ന് ഇദ്ദേഹം ജ്യാമിതിയ തത്വങ്ങൾ വിശദീകരിക്കുന്നു. “വീക്ഷണകോൺ ” ,” കോണിക് സെക്ഷനുകൾ ”,” ഗോള ജ്യാമിതി ”,” നമ്പർ സിദ്ധാന്തം ”,” ഗണിത നിയമങ്ങൾ” എന്നിവയെ പറ്റിയും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

♣♣♣♣♣

കവിത



തനയ എം, **10 D**

# മായുന്ന കാഴ്ചകൾ തേടി

മായുന്ന മാരിവിൽ വിണ്ണിൽ നിന്നെങ്ങോ
പറവകൾ പാറുവതഗാഘതയിലേക്കോ
മണ്ണിലീ മാനവർതൻ ദൈന്യമീ സ്ഥിതി കാൺമാൻ
കണ്ണുകൾ പോലും മടിക്കുവതിതെന്തിനോ
രക്തത്തിൻ ഗന്ധമാറജിച്ച നാം ഈ ഭ്രുവിൽ
അന്യർ തൻ ജീവനും ചൂഴ്ന്നെടുത്തു

പാട്ടുകൾ പാടുവാൻ കഥകൾ പറയുവാൻ
ഇല്ല മുത്തശ്ശിമാർ ഇന്നെവിടെയും
തളിരിലയായോരീ നമ്മേ മരമായി പടർത്തി-
യോരച്ഛനെ അമ്മയെ വഴിയരികിൽ
തള്ളുവാൻ പാഴ്വസ്തുവായിന്നു മാറയോ
അവർ നിങ്ങൾക്ക് ഭാരമായിത്തീർന്നുവോ

വിരലിനാൽ ഒന്നു തൊട്ടും നേരം
മുന്നിൽല അതിവേഗം വന്നണഞ്ഞീടുന്ന വാട്ടസപ്പും
ഫേസ്ബുക്കും ട്വിറ്ററും മാത്രമായി തീർന്നുവോ
നാം മാനവർ തൻ പുതുയുഗം

എന്നിനി തിരികെയെത്തും ആ മര-
ത്തണലും പൊൻ പുഷ്പ വാടികളും
എന്നോടിയണയും പറവകളും അഴകേറും
മാരിവില്ലും ഇവിടെയൊരു പൊൻ കിരണമായ്
വീണ്ടും ഉണരാൻ

♣♣♣♣♣♣

കഥ

# സ്നേഹമനസ്സുകൾ

അന്ന് ഒരു ക്രിസ്മസ് ദിനമായിരുന്നു. അന്ന് രാവിലെ മീനു മനുവിനോട് പറഞ്ഞു ചേട്ടാ എനിക്ക് കേക്ക് വേണം. മനു പറഞ്ഞു ഞാൻ പോയി വാങ്ങിച്ചിട്ടു വരാം. മീനുവിന് അതുകേട്ടപ്പേൾ സന്തോഷമായി. മനുവിന് മീനുവിനെ വലിയ ഇഷ്ടമായിരുന്നു. അവർക്ക് അമ്മയും അച്ഛനും ഇല്ല. അവർ രണ്ടുപേരും മുത്തശ്ശിയുടെ കൂടെയാണ് താമസം. എന്നാൽ മീനുവിന് നടക്കാൻ കഴിയില്ല. അവൾ എന്നും വീൽച്ചെയറിലാണ്. അത് മീനുവിനെ വല്ലാതെ സങ്കടത്തിലാക്കി.എന്നാൽ അതിന്റെ ഇരട്ടി സങ്കടമായിരുന്നു മനുവിന്. അങ്ങനെ മനു മുത്തശ്ശിതന്ന പൈസയും എടു ത്ത് കടയിലേക്ക് നടന്നു. നല്ല വെയിൽ ഉണ്ടായിരുന്നു. മനുവിന് നന്നായി ദാഹിച്ചു. അവൻ കുറച്ച് വിശ്രമിച്ചിട്ട് കടക്കാരനോട് പറഞ്ഞു അങ്കിൾ ഒരു കേക്കും ഒരു കുഞ്ഞു നക്ഷത്രവും വേണം. അയാൾ അത് എടുത്ത് മനുവിന് നൽകി. കടക്കാരൻ നോക്കുമ്പോൾ പൈയ്സ തികഞ്ഞിട്ടില്ല. ഇനി ഒരു പത്ത് രൂപകൂടി വേണം. അവൻ കീശയിൽ തപ്പിനോക്കി പൈസയില്ല. അവന് ആകെ സങ്കടമായി. മനു പറഞ്ഞു അങ്കിൾ ഞാൻ നാളെ കൊണ്ടുതന്നാൽ മതിയോ, അയാൾ ഒന്നു മനുവിനെ നോക്കിയിട്ട് പറഞ്ഞു എന്നാൽ നാളെ കൊണ്ടു വന്നാൽ മതി. വേഗം പോക്കോ. മനുവിന് സന്തോഷമായി. അവൻ ശ്രദ്ധിച്ച് കേക്ക് താഴെ വീഴാതെ നടന്നു.

മനു കുറെ ദൂരം നടന്നു നീങ്ങുമ്പോൾ മനുവിന്റെ പിറകിൽ നിന്നും ഒരു കുട്ടി വിളിച്ചു. മനു പിറകോട്ടു തിരിഞ്ഞുനോക്കു മ്പോൾ ഒരു പെൺക്കുട്ടിയായിരുന്നു. മനു അവളുടെ അടുത്തുചെന്ന് ചോദിച്ചു. "എന്താ?" അവൾ പറഞ്ഞു " എനിക്ക് നല്ല വിശപ്പുണ്ട് എനിക്ക് കഴിക്കാൻ എന്തെങ്കിലും തരുമോ". മനു വേഗം സഞ്ചിയിൽ ഇരുന്ന കേക്കിന്റെ ഒരു കഷ്ണം അവൾക്ക് നൽകി. അവൾ അത് ആർത്തിയോടെ തിന്നു തുടങ്ങി. മനു അങ്ങനെ അവിടെ നിന്ന് നടന്നു നീങ്ങുമ്പോളാണ് വീണ്ടും ഒരു വിളികേൾക്കുന്നത്. നോക്കുമ്പോൾ ഒരു പൈയനായിരുന്നു.അവന് കൈയ്യില്ല. അവൻ മനുവിനോടായി പറഞ്ഞു. "എന്തെങ്കിലും ഉണ്ടെങ്കിൽ ഇത്തിരി തരുമോ?" മനു അവനെ ഒരു തണൽ മരത്തിന്റെ ചുവട്ടിലിരുത്തിയിട്ട് ആ പൊതിയഴിച്ച് ഒരു കഷ്ണം കേക്ക് കോടുത്തു. അവൻ മനുവിനെ കെട്ടിപ്പിടിച്ചിട്ട് ആ കേക്ക് വളരെ വേഗം തിന്നു തീർത്തു. മനുവിനും നല്ല വിശപ്പുണ്ടായിരുന്നു. അവൻ മീനവിനെ ഓർത്തു. അവൻ കേക്കിലേക്ക് നോക്കി. ഇനി രണ്ട് കഷ്ണം മാത്രം ബാക്കി. അവൻ വേഗത്തിൽ നടന്നു.

അങ്ങനെ കുറെ ദൂരം എത്തിയപ്പോൾ ഒരു കടയുടെ തിണ്ണയിൽ ഇരിക്കുന്ന ഒരു മുത്തശ്ശൻ.

അയാൾ മനുവിനോട് ചോദിച്ച മോനേ എനിക്ക് വിശക്കുന്നു. "നിന്റെ കൈയ്യിൽ തിന്നാൻ വല്ലതും ഉണ്ടെങ്കിൽ എനിക്ക് അതിൽനിന്ന് കുറച്ച് തരുമോ?" അത് കേട്ട് മനുവിന് സങ്കടമായി. മനു പൊതി നോക്കിയപ്പോൾ രണ്ട് കഷ്ണം മാത്രം. ഈ മുത്തശ്ശന് കൊടുക്കാതെയും പറ്റില്ല. മീനുവിനും കൊടുക്കണം. അവൻ ആ പൊതിയിൽ നിന്ന് ഒരു കഷ്ണം എടുത്ത് ആ മുത്തശ്ശന് നൽകി. അയാൾ അത് ആർത്തിയോടെ തിന്നുന്നത് മനുനോക്കി നിന്നു. എന്നിട്ട് മനു മുത്തശ്ശനോട് യാത്രപറഞ്ഞ് നേരെ വീട്ടിലേക്ക് നടന്നു.

മനു വരുന്നതും കാത്ത് മീനു പുറത്ത് കാത്തിരുന്നു. മനു ഓടികിതച്ച് വീട്ടിൽ എത്തിയപ്പോൾ മീനുവിനെ കണ്ടു. എന്നിട്ട് മനു മീനുവിന്റെ അരികിൽ ഇരുന്നിട്ട് പൊതിയഴിച്ച് ആ ഒരു കഷ്ണം കേക്ക് വായിൽ വച്ചുകൊടുത്തുകൊണ്ട് മനു വരുമ്പോൾ നടന്നതെല്ലാം മീനുവിനോട് പറഞ്ഞു. മീനുവതുകേട്ട് മനുവിനെ കെട്ടിപ്പിടിച്ച് സന്തോഷകണ്ണീർ ഒഴുക്കി. എന്നിട്ട് മീനു പറഞ്ഞു "മനു നീ ചെയ്തത് നല്ല കാര്യമാണ്". എന്നെ പോലെ എത്രയോ പേരുണ്ട്. അവർക്ക് നീ ഈ ക്രിസ്മസ് ദിനത്തിൽസന്തോഷം പകർന്നത് നിനക്കും എനിക്കും വലിയ സന്തോഷമായി. മനു എന്നിട്ട് ആ ക്രിസ്മസ് സ്റ്റാർ എടുത്ത് മീനുവിന് കൊടുത്തു. അതുകണ്ടപ്പോൾ മീനുവിന്റ് സന്തോഷം തോന്നി. എന്നിട്ട് മീനു പറഞ്ഞു "മനു ,നമ്മുടെ അച്ഛനും അമ്മയും ഉണ്ടായിരുന്നെങ്കിൽ നമ്മൾ ഇപ്പോൾ പുത്തനുടുപ്പും കേക്കും സദ്യയും ഒക്കെയായിട്ട് സന്തോഷത്തോടെ കഴിയുമായിരുന്നു അല്ലെ ?" മനു മീനുവിനെ കെട്ടിപ്പിടിച്ച് പറഞ്ഞു ,നിനക്ക് ഞാനുണ്ട്. നീ സങ്കടപ്പെടാൻ പാടില്ല. മീനുവിന് അത് കേട്ടപ്പോൾ സങ്കടവും സന്തോഷവും ഉണ്ടായി.

♣♣♣♣♣♣

**ലേഖനം**



**പൂജ വി ,10 C**

# പ്രകൃതിയും മനുഷ്യനും

ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിനു പതിന്മടങ്ങ് വേഗത്തിൽ മനുഷ്യനും. കോടാനുകോടി സസ്യജന്തു ജാലങ്ങളുടെ കേന്ദ്രമായ പ്രകൃതി അതിന്റെ ഒരു സൃഷ്ടി കാരണം ഇന്ന് അൽപ്പാൽപ്പമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാ ണ്.മനുഷ്യൻ പ്രകൃതിയുടെ ഉത്തമസൃഷ്ടിയാണെന്നതിൽ തർക്കമില്ല. എന്നാൽ നിലവിലുള്ള ആവാസ വ്യവസ്ഥകളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന തരത്തിൽ അവൻ തന്റെ പ്രവർത്തനങ്ങൾ തുടരുന്നു

ആധുനിക മനുഷ്യന്റെ ലോകം റോക്കറ്റ് വേഗത്തിൽ കുതിച്ചുകൊണ്ടിരിക്കുകയാണ് .അത് കൂടുതൽ യാന്ത്രികതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.സുഖസന്തോഷങ്ങൾ പണം കൊടുത്തു വാങ്ങിക്കൂട്ടുന്ന ആധുനിക സൗകര്യങ്ങളിലും കെട്ടിയുയർത്തുന്ന അംബരചുംബികളായ കോൺക്രീറ്റ് സൗധങ്ങളിലും കണ്ടെത്താൻ ശ്രമിക്കുന്ന വെറുമൊരു മൃഗമായി അവൻ അധ:പതിച്ചുകൊണ്ടിരിക്കുന്നു.ഇതിനിടയിൽ മനുഷ്യൻ അറിഞ്ഞോ അറിയാതയോ പ്രകൃതിയിൽ നിന്നും ഒത്തിരി അകലേയ്ക്ക് മാറിയിരിക്കുന്നു.പരിസ്ഥിതിയെ മാലിന്യങ്ങൾവലിച്ചെറിയാനുള്ള നിക്ഷേപശാലയായും ഭൂമിയെ കല്ലും കരിയും എണ്ണയും കുഴിച്ചെടുക്കുവാനുള്ള ഖനനകേന്ദ്രമായും അവൻ കണക്കാക്കി കഴിഞ്ഞു.

വിദേശരാജ്യങ്ങൾ ദിവസവും ടൺകണക്കിന് മാലിന്യങ്ങൾ കപ്പലുകളിൽ കയറ്റി പുറം

കടലുകളിൽ നിക്ഷേപിക്കുകയാണെന്ന സത്യം പത്രത്താളുകളിലൂടെ നമുക്കും ഇന്ന് ബോധ്യമാണ്.സ്വന്തം ദേശം മാലിന്യമുക്തമാണെന്ന് ആശ്വസിക്കുന്ന ഇക്കൂട്ടർ വലിയൊരു ദുരന്തമാണ് തങ്ങൾ ക്ഷണിച്ചു വരുത്തുന്നതെന്ന വസ്തുത അറിയുന്നില്ല.ജീവിക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് അനുവ ദിച്ചിരിക്കുന്നതുപോൽ മറ്റെല്ലാജീവികൾക്കും ഉണ്ടെന്ന സത്യം എന്തുകൊണ്ടാണ്മനുഷ്യൻ മറന്നുപോകുന്നത്.

മനുഷ്യനിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത യന്ത്രമായി മാറിയിരിക്കുന്നു റഫ്രിജറേറ്റർ .ഇതിൽ ഉപയോഗിക്കപ്പെടുന്ന ക്ലോറോഫ്ലൂറോ കാർബണുകൾ അന്തരീക്ഷത്തിൽ ഏറ്റവും അപകടകാരിയായ വാതകമാണ്. ഭൂമിയുടെ സംരക്ഷണ കവചമായി കണക്കാക്കാവുന്ന ഓസോൺപാളിയുടെ നാശത്തിന് ഈ വാതകം കാരണമാവുന്നു. മുൻ കാലങ്ങളെ അപേക്ഷിച്ച് വാഹനങ്ങളുടെ ഉപയോഗം ക്രമാതീതമായി കൂടുതലാണിപ്പോൾ.ഇവയിൽ നിന്നും ഉളവാകുന്ന ശബ്ദമലിനീകരണത്തിന്റെയും അന്തരീക്ഷമലിനീകരണത്തിന്റെയും ഗ്രാഫ് എപ്പോഴും മുകളിലേക്ക് തന്നെ .

കാട് വെട്ടിതെളിച്ച് കോൺക്രീറ്റുകാടുകളുണ്ടാക്കുന്നതും ,മണൽമാഫിയകൾ ജലാശയങ്ങൾ കൊള്ളയടിക്കുന്നതും,വയലുകൾ നികത്തുന്നതും ഇന്ന് പുതുമയുള്ള കാര്യമല്ല.ഒരു സുനാമിയോ വെള്ളപ്പൊക്കമോ വരുമ്പോൾ പരിസ്ഥിതി ബോധത്താൽ അലമുറയിട്ടിട്ട് കാര്യമില്ല.വേണ്ടത് സ്ഥിരമായ പാരിസ്ഥിതിക ബോധമാണ്.ഒരു മരം നശിപ്പിക്കുമ്പോൾ പത്ത് പുതിയ തൈകൾ നടാനുള്ള ബോധം ...!

ശാസ്ത്രസാങ്കേതികതയുടെ ഉന്നതപഥങ്ങൾ കീഴടക്കിയ മനുഷ്യ മസ്തിഷ്കത്തിനെ തീർച്ചയായും പ്രകൃതിരക്ഷോപായങ്ങൾ കണ്ടെത്താനാവും. സ്വന്തം മാതാവിന്റെ നെഞ്ച് പിളർക്കുന്ന രക്തരക്ഷസുകളാവരുത് നമ്മൾ. നമ്മെ പരിപാലിക്കുന്ന പ്രകൃതിയെന്ന

അങ്ങുതന്നെ കിട്ടുന്നതിലിരട്ടി സ്നേഹം നൽകി പരിപാലിക്കേണ്ട ചുമതലയുള്ളവരാണ് നമ്മൾ...ഈ ഭൂമി സമസ്തജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ്.ഉറുമ്പിനും ആനയ്ക്കും ഇവിടെ തുല്യഅവകാശമാണ് .

'പാദസ്പർശം ക്ഷമസ്വമേ 'എന്ന ക്ഷമാപണത്തോടെയാണ് പണ്ടുനാം ഭൂമിയിൽ സ്പർശിച്ചിരുന്നത് പോലും.ആ വിനയവും ലാളിത്യവും തിരികെ കിട്ടേണ്ടതുണ്ട്.ഈ ലോകത്ത് പ്രകൃതിസംരക്ഷണത്തിനായി സ്വജീവിതം അർപ്പിച്ച അനേകം ജന്മങ്ങളുണ്ട്.ഈ ഭൂമി നാളെയ്ക്കും എന്നേക്കും എന്ന സങ്കൽപ്പത്തോടെ പ്രവർത്തിക്കുന്ന അവരുടെ യജ്ഞത്തിൽ നമുക്കും പങ്കുചേരാം .

♣♣♣♣♣♣♣

**വായനാനുഭവം**



അഞ്ജന **വി 10 C**

## നാലുകെട്ട്

ഞാൻ വായിച്ച പുസ്തകങ്ങളിൽ വച്ച് എന്നെ ഏറെ ആകർഷിച്ച ഒരു പുസ്തകമാണ് എം ടി വാസുദേവൻ നായരുടെ നാലുകെട്ട് . എന്റെ ഏറെ നാളത്തെ ആഗ്രഹം സഫലീകരിക്കുകയാണ് . പലരും നല്ല പുസ്തകമാണ് നീ അത് വായിച്ചില്ലേ എന്ന് എന്നോട് ചോദിച്ചപ്പോൾ വളരെ അധികം വിഷമം തോന്നിയിരുന്നു . അത് കൊണ്ട് തന്നെ പുസ്തകം കൈയിൽ കിട്ടിയ സമയം മുതൽ ഞാൻ വായിക്കാനിരുന്നു.


ഒരു നാലുകെട്ട് തറവാടും വാസു എന്ന കുട്ടിയും ഇതാണ് ഈകഥയുടെ പ്രധാന കഥാപാത്രങ്ങൾ .ചെറുപ്രായത്തിൽ തന്നെ പലരിൽ നിന്നും അവന് അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട് .ചെറുപ്പത്തിലെ അച്ചൻ മരിച്ച വാസുവിന് അമ്മ മാത്രമായിരുന്നു തുണ . തന്റെ അച്ഛനെ കൊന്നവനോടുള്ള പ്രതികാരം പ്രായത്തോടൊപ്പം അവനിൽ വളർന്നു . സ്നേഹിച്ച പുരുഷന്റെ കൂടെ പോയവളെ തറവാട്ടിൽ കയറ്റില്ലെന്ന് വാസുവിന്റെ അമ്മവീട്ടുകാർ ശഠിച്ചതിനാൽ അവനും അമ്മയും അച്ഛന്റെ മരണശേഷം ഒറ്റക്കാണ് താമസിച്ചത്.വാസുവിന്റെ ഏറ്റവും വലിയ ആഗ്രഹമാണ് അവന്റെ അമ്മ വീടായ നാലുകെട്ടിൽ പോവണമെന്നുള്ളത് . അവൻ യാദൃശ്ചികമായി ഒരു ദിവസം അമ്മ വീട്ടിൽ പോവുന്നു . അവൻ അവിടെ നിന്ന് ആട്ടിയിറക്കപ്പെട്ടു . പിന്നെ അമ്മയിൽ നിന്നകന്ന് നാലുകെട്ടിൽ താമസമാക്കുന്നു .പക്ഷേ

അവന് അവിടെ നിന്ന് പലതും സഹിക്കേണ്ടിവന്നെങ്കിലും അതൊന്നും അവൻ കാര്യമാക്കിയില്ല . അവന് നല്ലൊരു തൊഴിൽ നൽകിയത് അവന്റെ അച്ഛന്റെ ഘാതകനായിരുന്നു .അത് അവന്റെ മനസ്സിലെ പ്രതികാര തീയണയ്ക്കാൻ കാരണമായി .

ശേഷം നാലുകെട്ട് വീണ്ടെടുത്ത് അമ്മയും ചിറ്റമ്മയും മുത്തശ്ശിയുമൊത്ത് കഴിയുന്നതാണ് കഥയുടെ പര്യവസാനം . പണ്ടത്തെ മക്കത്തായം മരുമക്കത്തായം എന്ന സമ്പ്രദായത്തെ പറ്റി ഈ കഥയിൽ പ്രതിപാദിക്കുന്നു .എം ടി യുടെ അസാധാരണ രചനാപാടവം ഈ കഥ വായിക്കുന്നവർക്ക് മനസ്സിലാക്കാം . വള്ളുവനാടൻ ഭാഷയിലാണ് ഈ നോവൽ . ഈ പ്രത്യേകത എം ടി യുടെ സ്ഥിരം നോവലുകളിൽ കാണാം . നമ്മെ പോലുള്ള പുതിയ തലമുറയ്ക്ക് പണ്ടുകാലത്തെ വരച്ചുകാട്ടുന്ന വാങ്മയ ചിത്രമാണിത് . ഈ പുസ്തകം മടക്കിവയ്ക്കുമ്പോൾ ഒരു ആഗ്രഹം സഫലീകരിച്ച ആനന്ദമാണ് എന്നിലുണ്ടായത് .എങ്ങനെ പറയണമെന്നറിയാത്ത ഒരനുഭൂതി . വായനയിലൂടെ നമുക്ക് ലഭിക്കുന്നതും അതാണ് .............

♣♣♣♣♣♣

**സ്വാദനം**



**അനുഗംഗ 9B**

## സത്യം എവിടെയും വിജയിക്കും

ഒരു വിദ്യാർത്ഥിക്ക് പഠനത്തോടൊപ്പം തന്നെ മറ്റു കാര്യങ്ങളിലും ശ്രദ്ധചെലുത്താമെന്ന ഒരാശയം മുന്നോട്ട് വയ്ക്കുന്ന കഥയാണ് അഭിയുടെ കുറ്റാന്വേഷണങ്ങൾ. എന്റെ മനസ്സിൽ ഒരുപാടാശയങ്ങൾ ഉടലെടുക്കാൻ കൂടി കാരണമായ കഥയാണ് അഭിയുടെ കുറ്റാന്വേഷണങ്ങൾ ഒരു വിദ്യാർത്ഥി എന്ന നിലയ്ക്ക് എന്റെ ജീവിതത്തിൽ ഉൾപ്പെടുത്താൻ ആവുന്ന ഒരുപാടു കാര്യങ്ങൾ ഈ കഥയിൽനിന്നും ലഭിച്ചു.ഒരു പ്രത്യേക സാഹചരത്തിൽ കള്ളനെന്നു മുദ്രകുത്തപ്പെട്ടവനാണ് അഭി. അവന്റെ നിരപരാധിത്വം അവനും അവന്റെ കൂട്ടുകാരനും മാത്രമാണ് അറിയാവുന്നത്.അവന് അത് ഒരുപാട് വിഷമിപ്പിച്ചു എങ്കിലും അവന്റെ നിരപരാധിത്വം തെളിയിക്കുന്നത് ഒരു ദൗത്യമായി അവൻ എറ്റെടുത്തു. പിന്നീടുള്ള ദിവസങ്ങളിൽ അവനും അവന്റെ കൂട്ടുകാരനും വിശ്രമമില്ലാതെ യഥാർത്ഥകള്ളനെ കണ്ടെത്താനുള്ള കരുക്കൾ നീക്കുകയായിരുന്നു.

ഇവിടെ നിന്നുമാണ് എനിക്ക് ഇതിന്റെ ഒന്നാമത്തെ പാഠം ലഭിക്കുന്നത് ചെയ്യാത്ത കുറ്റം സ്വന്തം തലയിൽ അടിച്ചമർത്തപ്പെടുമ്പോൾ കൈയും കെട്ടി നോക്കിനിൽക്കാതെ യഥാർത്ഥ കുറ്റവാളിയെ കണ്ടുപിടിക്കുക,ഇല്ലെങ്കിൽ കള്ളനെന്നും കള്ളനായിരിക്കും.അവൻ തന്ത്രപരമായി കാര്യങ്ങൾ കൈകാര്യം ചെയ്തു.തടസ്സങ്ങളിൽ തളരാതെ അഭി പിടിച്ചു നിന്നു

കള്ളനെ കണ്ടുപിടിക്കണമെന്ന വാശി അവന് കൂടി.അതിൽ നിന്ന് പിന്മാറാൻ അവൻ തയ്യാറായില്ല. ഇവിടെ നിന്നാണ് എനിക്ക് അടുത്ത പാഠം ലഭിക്കുന്നത്. പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുക. ഓരോ ദിവസവും കഴിയുന്നതനുസരിച്ച് അഭിക്ക് കുറ്റവാളിയെ കണ്ടുപിടിക്കാനായി ലഭിച്ചിരുന്ന സമയം കുറഞ്ഞ് വരുകയായിരുന്നു. മറ്റൊരു പ്രശ്നം അഭിയുടെ പരീക്ഷ.പക്ഷ ഇതിനെക്കുറിച്ചൊന്നും ഓർത്ത് അഭിക്ക് ഭയമില്ലായിരുന്നു. വിശ്വാസമുണ്ടെങ്കിൽ ആർക്കും എവിടെയും തളരാതെ പിടിച്ചു നിൽക്കാം. അവന്റെ വിഷ്വാസവും ലക്ഷ്യബോധവുമെല്ലാം അവനെ കൈ പിടിച്ചുയർത്തുകയായിരുന്നു.ദിവസങ്ങൾ കഴിയുന്നതനുസരിച്ച് അന്വേഷണത്തിന്റെ കുരുക്കുകൾ അഴിഞ്ഞു വരാൻ തുടങ്ങി. അവസാനം സത്യം പുറത്തു വന്നു.കള്ളൻ അവന്റെ സഹപാഠി തന്നെ. അത്രയും കാലം അവനെ കള്ളനെന്നു വിളിച്ചവർ പിന്നെ അവനെ ബഹുമാനത്തോടെ കാണാൻ തുടങ്ങി.അധ്യാപകൻ അവന്റെ കർമബോധത്തിൽ അവനെ അഭിനന്ദിച്ചു. അന്വേഷണത്തിന് തടസമായിനിന്ന പരീക്ഷയെ അവൻ വിഷ്വാസപൂർവ്വം നേരിട്ടു. എപ്പോഴത്തെയും പോലെ വിജയം സത്യത്തിന്റെ പക്ഷത്തായിരുന്നു.



കവിത

പൂജ വി 10 C


## മരണ വിളി

മരണം വരുന്നൊരാ വിജനമാം വിതിയിൽ
ഏകാന്ത ചേതസായ് ഞാനിരുന്നു.
താളങ്ങൾ തെറ്റിയ നന്മകൾ വറ്റിയ
ചേതസും പണ്ടേ വിണ്ടടഞ്ഞു.
എൻ അഹംഭാവമാം ശരീരമ
പാറിപ്പറക്കയാണിവിടവിടെ.
നിർജീവമായി ,ആരോരുമില്ലാതെ
ആർക്കും വേണ്ടാതെ ,എകാന്തമായി
അന്ധകാരത്തിന്റെ ഭയാനക വീചികൾ
നയനങ്ങളിലേക്കങ്ങിരച്ചു കേറി
പുറകിലേക്കങ്ങു തിരിഞ്ഞു നോക്കുമ്പോൾ
ചൂടു നീരായൊഴുകുകയാണെൻ ഭൂതകാലം
അകലേക്കു പോയി മറഞ്ഞിരിക്കുന്നു
ഒരു നിമിഷത്തിൻ ഹൃദയത്തുടിപ്പുകൾ
ഉച്ചത്തിലുള്ള നിലവിളി ഉയരാതെ
ആ ഇരുട്ടിൻ മറവിൽ
ഞാൻ നശിച്ചു പോയി....എൻ ശരിരം.
വെറുപ്പും പുച്ഛവും പെരുമ്പാമ്പിനെ-

പ്പോലെന്നെ വരിഞ്ഞു ചുറ്റി,
നൂറായിരം കണ്ണുകൾ നൂറ്മനസ്സുകൾ
അക്രമസക്തരായ് ആഞ്ഞടിച്ച
എല്ലാം ശുഭം.... മംഗളം
ഇന്നീ ഭ്രാന്താലയ മുറിയുടെ നാല് ചുമരുകളിൾ,
ജീവിതത്തിൻ പൂർണവിരാമം...

**വായിച്ചാലും വളരും**
**വായിച്ചില്ലേലും വളരും**
**വായിച്ചാൽ വിളയും**
**വായിച്ചില്ലേൽ വളയും**

**കുഞ്ഞുണ്ണിമാഷ്**





**അഞ്ജന വി**

# സ്വന്തം കഴിവുകൾ

## പരിപോഷിപ്പിക്കു............

പണ്ടൊരു കാട്ടിൽ ഒരു കസ്തൂരിമാൻ ഉറക്കം ഉണർന്നപ്പോൾ എങ്ങും കസ്തൂരിഗന്ധം. ഗന്ധത്തിന്റെ ഉറവിടം തേടി ഓടിയലഞ്ഞ മാൻ ഒടുവിൽ ക്ഷണിച്ച് ഉറങ്ങിപോയി. തന്റെ ശരീരമാണ് ഈ ഗന്ധത്തിന്റെ ഉറവിടം എന്ന് മനസ്സിലാക്കാൻ പാവം ഈ മാനിന് സാധിച്ചില്ല.സ്വന്തം കഴിവിനെ മനസ്സിലാക്കാൻ ശ്രമിക്കാൻ കണക്കിലെ സമവാക്യങ്ങളും,ഭാഷകളിലെ വ്യാകരണങ്ങളും രാസഭൗതികശാസ്ത്രങ്ങളിലെ പാഠഭാഗങ്ങളും കീറാമുട്ടായിയായിക്കണ്ട്,ഇതെനിക്കുപറഞ്ഞിട്ടില്ല എന്ന മട്ടിൽ നെറ്റിതടത്തിൽ വിരലുകളൂന്നി തലകുനിച്ചിരിക്കുന്ന വിദ്യാർത്ഥികളും ഏതാണ്ട് കസ്തൂരിമാനിനെ പോലെയാണ്. താനൊരുചാണകമസ്തിഷ്കമാണെന്നു കരുതി സ്വയം കുറ്റപ്പെടുത്തി വിലപിക്കാതെ തന്നിലൊളിഞ്ഞുക്കിടക്കുന്ന അഭിരുചിയെ കണ്ടറിഞ്ഞ് വളർത്തി വലുതാക്കി തന്നിൽ നിക്ഷിപ്തമായിട്ടുള്ള കടമകൾ നിർവഹിക്കാൻ പ്രാപ്തനായ ഒരുത്തമ പൗരനാവണം.


NEW
EARINGS
BANGLE